"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസം- കെ. ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷൽ സയൻസ് & ആർട്സ് ഡയറക്ടറുടെ അന്യത്രസേവനകാലാവധി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (എൽ) വകുപ്പ്**

സ.ഉ.(സാധാ) നം.1240/2025/HEDN തീയതി,തിരുവനന്തപുരം, 23-09-2025

---

പരാമർശം:-

1. സർക്കാർ ഉത്തരവ് (സാധാ). 699/2023/ഉ.വി.വ തീയതി. 20.5.2023.
2. സർക്കാർ ഉത്തരവ് (സാധാ). 746/2024/ഉ.വി.വ തീയതി. 27.6.2024.
3. സർക്കാർ ഉത്തരവ് (സാധാ). 119/2025/ഉ.വി.വ തീയതി. 24.01.2025.
4. കെ.ആർ.നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷൽ സയൻസ് & ആർട്സ് ഡയറക്ടറുടെ 22.8.2025 ലെ 2198/A1/KRNNIVSA/2023 നമ്പർ കത്ത്.

**ഉത്തരവ്**

Film &Television Institute of India(FTII)-ലെ അസോസിയേറ്റ് പ്രൊഫസറായ ശ്രീ. ജിജോയ് പുളിക്കൽ രാജഗോപാൽ- നെ കെ.ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷൽ സയൻസ് & ആർട്സിൽ ഡയറക്ടർ തസ്തികയിൽ പരാമർശം (1), (2) പ്രകാരം അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുകയും ടിയാന്റെ അന്യത്രസേവനകാലാവധി പരാമർശം (3) പ്രകാരം 25.9.2024 മുതൽ ഒരു വർഷത്തേക്ക് കൂടി സർക്കാർ ദീർഘിപ്പിച്ച് നൽകുകയും ചെയ്തിരുന്നു. അപ്രകാരം ടിയാന്റെ നിലവിലെ അന്യത്രസേവന കാലാവധി 24.9.2025-ന് അവസാനിക്കുന്നതിനാൽ പ്രസ്തുത വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കണമെന്ന് കെ.ആർ.നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷൽ സയൻസ് & ആർട്സ് ഡയറക്ടർ പരാമർശം (4) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കെ.ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷൽ സയൻസ് & ആർട്സിൽ ഡയറക്ടർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. ജിജോയ് പുളിക്കൽ രാജഗോപാൽ- ന്റെ അന്യത്രസേവനകാലാവധി 24.9.2025 AN പ്രാബല്യത്തിൽ അവസാനിപ്പിച്ചു കൊണ്ടും ഡയറക്ടറുടെ താത്കാലിക ചുമതല ഇനിയൊരു ഉത്തരവുണ്ടാകുന്നത് വരെ പൊതുഭരണവകുപ്പിലെ അണ്ടർസെക്രട്ടറിയും നിലവിൽ കെ.ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷൽ സയൻസ് & ആർട്സിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ തസ്തികയിൽ അന്യത്രസേവനവ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്നതുമായ ശ്രീമതി. ലക്ഷ്മിപ്രിയ. പി.എസ് (PEN: 125000)-ന് നൽകി കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രാജേഷ് എം

ജോയിന്റ് സെക്രട്ടറി

ശ്രീ. ജിജോയ് പുളിക്കൽ രാജഗോപാൽ, പുളിക്കൽ (ഹൗസ്), എസ്.എൻ സൗത്ത് റോഡ്, ഇരിങ്ങാലക്കുട നോർത്ത്, തൃശ്ശൂർ.

രജിസ്ട്രാർ, ഫിലിം & ടെലിവിഷൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ, ലോ കോളേജ് റോഡ്, പൂനെ- 411004

ചെയർമാൻ, കെ.ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷൽ സയൻസ് & ആർട്സ്, തെക്കുംതല, കാഞ്ഞിരമറ്റം പി.ഒ, കോട്ടയം

ഡയറക്ടർ, കെ.ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷൽ സയൻസ് & ആർട്സ്, തെക്കുംതല, കാഞ്ഞിരമറ്റം പി.ഒ, കോട്ടയം

ശ്രീമതി.ലക്ഷ്മിപ്രിയ.പി.എസ്, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, കെ.ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷൽ സയൻസ് & ആർട്സ്, തെക്കുംതല, കാഞ്ഞിരമറ്റം പി.ഒ, കോട്ടയം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്),കേരള, തിരുവനന്തപുരം

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Geetha Lekshmi, G

സെക്ഷൻ ഓഫീസർ

Date: 23-09-2025 17:46:12